**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3848** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ ഡി കെ മുരളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഒരുക്കിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | ക്ഷീര കർഷകർക്ക് അർഹമായ സേവനങ്ങളും സഹായങ്ങളും അതിവേഗത്തിലും സുതാര്യത യോടെയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി ക്ഷീരശ്രീ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ എല്ലാ പദ്ധതികളിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ക്ഷീരശ്രീ പോർട്ടലിലൂടെ ആയതിനാൽ കാര്യക്ഷമവും സമയബന്ധിതവുമായി പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നു. പദ്ധതിയ്ക്കായുള്ള അപേക്ഷ സമർപ്പണം മുതൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ധനസഹായതുക എത്തുന്നതുവരെയുള്ള നടപടികൾ ക്ഷീരശ്രീ പോർട്ടലിലൂടെയാണ് നടപ്പിലാക്കുന്നത്. |
| (ബി) | ക്ഷീരമേഖലയിലെ നൂതന ആശയങ്ങളും സാങ്കേതിക വിവരങ്ങളും കർഷകർക്ക് കൈമാറുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശം നൽകാമോ? | (ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന 5 ക്ഷീരപരിശീലന കേന്ദ്രങ്ങൾ, പത്തനംതിട്ട അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡെയറി എൻടപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ എന്നിവ മുഖേന ഓൺലൈൻ/ഓഫ്‌ലൈൻ ക്ലാസ്സുകളും പരിശീലനങ്ങളും ക്ഷീരകർഷകർക്ക് നൽകിക്കൊണ്ട് ക്ഷീരമേഖലയിലെ നൂതന ആശയങ്ങളും സാങ്കേതിക വിവരങ്ങളും കർഷകരിലേയ്ക്ക് എത്തിക്കുന്നു.<br>ഇതുകൂടാതെ, ബ്ലോക്ക് തലത്തിലുള്ള കർഷക സമ്പർക്ക പരിപാടികൾ, പാൽ ഗുണമേന്മ ബോധവൽകരണ പരിപാടികൾ, ബ്ലോക്ക്/ജില്ല /സംസ്ഥാന തലത്തിലുള്ള ക്ഷീരകർഷക സംഗമങ്ങൾ എന്നിവയിലൂടെയും ക്ഷീരകർഷകർക്ക് ക്ഷീര മേഖലയിലെ നൂതന ആശയങ്ങളും സാങ്കേതിക വിവരങ്ങളും കൈമാറുന്നു. |

സെക്ഷൻ ഓഫീസർ